# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.442

## 08-08-2017 ൽ മറുപടിക്ക്

### കിഫ്ബിയിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;<br>(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ, ബജറ്റിൽ പ്രഖ്യാപിച്ച മുഴുവൻ പദ്ധതികൾക്കും ഈ സാമ്പത്തിക വർഷത്തിൽ തുടക്കം കുറിക്കുമോ; | 2016-17 ബജറ്റ് പ്രസംഗം വഴി കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഭരണാനുമതി ലഭിക്കുകയും, വിശദമായ പദ്ധതി റിപ്പോർട്ട് യഥാക്രമം കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ള പദ്ധതികളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ 66 പദ്ധതികൾക്ക് ഇതിനകം തന്നെ കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇവയുടെ നിർവ്വഹണത്തിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ എന്തൊക്കെ; പദ്ധതികൾക്ക് ഇനി പ്രത്യേകം ഭരണാനുമതി ലഭിക്കേണ്ടതുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ തുടക്കം കുറിക്കാനാവാത്ത പദ്ധതികളിന്മേൽ എന്ത് നടപടി കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | കിഫ്ബിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾക്കെല്ലാം തന്നെ അതാത് ഭരണ വകുപ്പ് ഭരണാനുമതി നൽകേണ്ടതുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ്, കോൺസെപ്റ്റ് നോട്ട് എന്നിവ ഉൾപ്പെടെ കിഫ്ബിയുടെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്പ് ലോഡ് ചെയ്യേണ്ടതും ഇവയുടെ |

| | |
|---|---|
| | അച്ചടി പകർപ്പ് കിഫ്ബിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന പദ്ധതികളുടെ വിശദമായ അവലോകനം പ്രോജക്റ്റ് അപ്രൈസൽ വിഭാഗം നടത്തുന്നതും മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള പദ്ധതികൾ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതാണ്. ഇതിനോടകം കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ച് കഴിഞ്ഞു. പദ്ധതികളുടെ പ്രവർത്തന പുരോഗതി കിഫ്ബി അവലോകനം ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**